"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - വയനാട് ജില്ല - സീക്രട്ട് ഓഫ് മ്യൂസിക് ചാരിറ്റബിൾ ട്രസ്റ്റ് നടത്തിവരുന്ന മ്യൂസിക് തെറാപ്പിയിലൂടെ വയനാട് ജില്ലയിൽ സാന്ത്വന പരിപാടി നടത്തുന്നതിന് വയനാട് ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്**

**സ.ഉ.(സാധാ) നം.2508/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 08/11/2019**

പരാമർശം:- 1 കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ വയനാട് ജില്ലാ പ്രസിഡൻറിന്റെ 18/10/2019 ലെ W/GPA/LP/2019-12 നമ്പർ കത്ത്.

2 പഞ്ചായത്ത് ഡയറക്ടറുടെ 02.11.2019 ലെ PAN/13708/2019-G1(DP) നമ്പർ കത്ത്

**ഉത്തരവ്**

പ്രശസ്ത മലയാള സംഗീത സംവിധായകനായ ശ്രീ. അലക്സ് പോൾ നയിക്കുന്ന സീക്രട്ട് ഓഫ് മ്യൂസിക് ചാരിറ്റബിൾ ട്രസ്റ്റ് നടത്തിവരുന്ന മ്യൂസിക് തെറാപ്പിയിലൂടെ വയനാട് ജില്ലയിൽ പ്രകൃതി ദുരന്തം, സാമ്പത്തിക തകർച്ച തുടങ്ങിയവ കൊണ്ട് പ്രയാസപ്പെടുന്നവർക്ക് സാന്ത്വന പരിപാടി ഓരോ ഗ്രാമപഞ്ചായത്തിലും നടത്തിവരുന്നുണ്ടെന്നും, ഓരോ പ്രോഗ്രാമിനും ഗ്രാമപഞ്ചായത്തുകളുടെ തനത് /പ്ലാൻ ഫണ്ടിൽ നിന്നും ഇരുപതിനായിരം രൂപ വീതം നൽകുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് യഥേഷ്ടനുമതി നൽകണമെന്നുമുള്ള കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ വയനാട് ജില്ലാ പ്രസിഡൻറിന്റെ പരാമർശം (1) പ്രകാരമുള്ള അപേക്ഷ പരാമർശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സീക്രട്ട് ഓഫ് മ്യൂസിക് ചാരിറ്റബിൾ ട്രസ്റ്റ് നടത്തിവരുന്ന മ്യൂസിക് തെറാപ്പിയിലൂടെ വയനാട് ജില്ലയിൽ പ്രകൃതി ദുരന്തം, സാമ്പത്തിക തകർച്ച തുടങ്ങിയവ കൊണ്ട് പ്രയാസപ്പെടുന്നവർക്ക് സാന്ത്വന പരിപാടി നടത്തുന്നതിന്, വയനാട് ജില്ലയിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും തനത് ഫണ്ടിൽ നിന്നും ഇരുപതിനായിരം രൂപ വീതം കമ്മിറ്റി തീരുമാനത്തിന് വിധേയമായി നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ബീനമോൾ കെ ജെ**

**ഡെപ്യൂട്ടിസെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, വയനാട്

കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ വയനാട് ജില്ലാ പ്രസിഡന്റ്

ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തുകൾ ( പകർപ്പ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, വയനാട്)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (വെബ്സൈറ്റിൽ

പ്രസിദ്ധീകരിക്കുന്നതിനായി)

ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എൽ.ബി.എ & എ), കേരള, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Remealo

സെക്ഷൻ ഓഫീസർ